**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **06-10-2025 - ൽ മറുപടിയ്ക്ക്**

**യുവ സംരംഭകരെ സഹായിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | യുവ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംരംഭക സഹായ പദ്ധതി, മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>യുവസംരംഭകർ ഉൾപ്പെടെയുള്ള സംരംഭകർക്കായി വിവിധ ധനസഹായ പദ്ധതികളും ഫെസിലിറ്റേഷൻമുഖേനയുള്ള സഹായങ്ങളും ജില്ലാ വ്യവസയ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>• ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും താലൂക്ക് വ്യവസായ ഓഫീസുകളുടെയും നേതൃത്വത്തിൽ എല്ലാ വർഷവും സംരംഭകത്വ ബോധവൽക്കരണ പരിപാടികളും (EAP), സംരംഭക വികസന പരിപാടികളും (EDP) നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവൽക്കരണ/ലോൺ/ സബ്സിഡി മേളകൾ സംഘടിപ്പിക്കുന്നുണ്ട്.<br>• നിലവിലുള്ള സംരംഭകരും, നവ സംരംഭകരും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും, ഏജൻസികളും തമ്മിലുള്ള ചർച്ചകൾ വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്ന തിനായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും നിക്ഷേപ സംഗമങ്ങൾ നടത്തി വരുന്നു.<br>• MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ടെക്നോളജി ക്ലിനിക്കുകൾ |

സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ പങ്കെടുക്കുന്നു.

- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനമാണ് ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാം. ഇതിന്റെ ഭാഗമായി ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഇന്റർനാഷണൽ ലേബർ ഒർഗനിസേഷന്റെ-ILO) മാനേജ്മെന്റ് പരിശീലനവും നൽകുന്നുണ്ട്.
- കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്.
- പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്താനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന നൂതനാശയമാണ് എം എസ് എം ഇ ക്ലിനിക്കുകൾ.
- സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. പ്രീമിയം തുകയുടെ 50 ശതമാനം, പരമാവധി 5000 രൂപ വരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി.

കെ.എസ്.ഐ.ഡി.സി. ഇന്നൊവേറ്റീവ് ആക്സിലറേഷൻ പദ്ധതി മുഖേന മിനിമം വയബിൾ

| | | | |
|---|---|---|---|
| | | | പ്രോഡക്റ്റ് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും, മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി. സ്കെയിൽ-അപ്പ് സപ്പോർട്ട് നൽകി വരുന്നു. സംരംഭം വിപുലീകരിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ എൺപതു ശതമാനമോ അല്ലെങ്കിൽ പരമാവധി 100 ലക്ഷം രൂപയോ ആണ് ഈ ഇനത്തിൽ വായ്പയായി നൽകി വരുന്നത്. പലിശ നിരക്ക് 7% ആണ്.<br><br>പുതിയ നിക്ഷേപം നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാരാ കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകി വരുന്നു.<br><br>ഇവ കൂടാതെ കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ യുവസംരംഭകർക്ക് കൂടി നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | **1.സംരംഭക സഹായ പദ്ധതി (ESS)**<br><br>2012 മുതൽ നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, SC/ST, പ്രവാസി മലയാളികൾ എന്നിവരിൽപ്പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. മുൻഗണന വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്കും പിന്നോക്ക ജില്ലകളിൽ നിന്നുള്ള സംരംഭകർക്കും 10% വീതം അധിക ആനുകൂല്യവും ലഭിക്കുന്നു. |

**2. നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി**

ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സു വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിൻറെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE)**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE) പ്രകാരം ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/ പ്രവർത്തന മൂലധന വായ്പ), അഞ്ചു വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 01/04/2022-നോ അതിനു ശേഷമോ പ്രവർത്തനം/ഉത്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് അർഹരാണ്.

**സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി**

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.

കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള Entity (i.e Companies, Co.operatives. charitable societies, partnerships. consortium of MSMEs), Family എന്നിവർക്ക് സ്വകാര്യവ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് Kerala Single Window Clearance Board, Industrial Township Area Development Act 1999 ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് reimbursement ആയിട്ടാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA). Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED Category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്.

http://pie.industry. kerala. gov. in/public/index. php/industrialist എന്ന വെബ് പോർട്ടൽ മുഖേനയാണ് ഈ പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി**

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുട നീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ്

ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും. വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 16/2024 തീയതി 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് എസ്റ്റേറ്റ് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ സുപ്രധാന വിഷയങ്ങൾ (trade/branch/core subject) എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണന ഉണ്ടാകും. വ്യവസായ എസ്റ്റേറ്റുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം (apprenticeship/ internship)- നുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങാനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് &സയൻസ് കോളേജുകൾ. പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ. ഐ.ടി. ഐ.കൾ മുതലായവ). ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത് 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.

ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് Kerala Single Window Clearance Board, Industrial Township

| | | | |
|---|---|---|---|
| | | | Area Development Act 1999 ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.<br><br>ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area(ESA). Coastal Regulation Zone (082). Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. ഇപ്രകാരം ആരംഭിക്കുന്ന എസ്റ്ററേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ജില്ലാതല സൈറ്റ് സെലക്ഷന് കമ്മറ്റിയാണ് ഈ പദ്ധതിയിൽ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ പദ്ധതി മാർഗ്ഗ രേഖയിൽ പറയുന്ന രീതിയിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്നു പരിശോധിക്കേണ്ടതും സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി ശുപാർശ ചെയ്യേണ്ടതും . തുടർന്ന് സെക്രട്ടറിതല സംസ്ഥാന സമിതി കൂടിയാലോചിച്ച് ഡവലപ്പർ പെർമിറ്റ് അംഗീകാരം നൽകുന്നതിന് തീരുമാനം എടുക്കുന്നു. |

സെക്ഷൻ ഓഫീസർ